പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1746 | | | 14/12/2012-ൽ മറുപടിയ്ക്ക് |
|---|---|---|---|
| അംഗൻവാടികൾക്കുള്ള കെട്ടിട നിർമ്മാണ നടപടി | | | |
| ചോദ്യം | | ഉത്തരം | |
| ശ്രീ. വി. ചെന്താമരാക്ഷൻ | | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) | |
| (എ) | സ്വന്തമായ കെട്ടിടം ഇല്ലാത്ത അംഗൻവാടി കൾക്ക് കെട്ടിടം സ്വന്തമാക്കുന്നതിനും ഉപയോ-ഗയോഗ്യമല്ലാത്ത കെട്ടിടങ്ങൾ പുതുക്കി പണി-യുന്നതിനുമായി നബാർഡിന്റെ ആഭിമുഖ്യ-ത്തിൽ നടപ്പിലാക്കുന്ന പദ്ധതിയുടെ പ്രവർത്തനം ഏത് ഘട്ടം വരെയായി എന്ന് വിശദമാക്കുമോ; | (എ) ആർ.ഐ.ഡി.എഫ് പ്രകാരം അംഗൻവാടികളുടെ കെട്ടിടനിർമ്മാണത്തിനായി 700 അംഗൻവാടികളുടെ പ്രൊപ്പോസൽ എസ്.എൽ.ഇ.സിയുടെ 17/10/2012-ലെ മീറ്റിങ്ങിൽ അംഗീകരിക്കുകയും ഇതിന്റെ അടിസ്ഥാനത്തിൽ സ്ഥലത്തിന്റെ ഉടമസ്ഥത സംബന്ധിച്ച സാക്ഷ്യപത്രം, പഞ്ചായത്തു തീരുമാനം കെട്ടിടത്തിന്റെ പ്ളാനും, എസ്റ്റിമേറ്റും (2012-ലെ പൊതുമരാമത്ത് വകുപ്പ് SOR പ്രകാരം) പണിയുടെ സമയക്രമം എന്നിവ ഉൾപ്പെടുത്തികൊണ്ടുള്ള പ്രോജക്ട് റിപ്പോർട്ട് ഒരോ അംഗൻവാടികളും പ്രത്യേകമായി അതാത് പഞ്ചായത്ത് മുഖാന്തിരം തയ്യാറാക്കി ശിശുവികസന പദ്ധതി ഓഫീസർമാർ മുഖാന്തിരം ശേഖരിച്ച് ലഭ്യമാക്കാൻ ജില്ലാതല പ്രോഗ്രാം ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. | |
| (ബി) | പ്രസ്തുത പ്രവൃത്തികൾ എന്ന് ആരംഭിക്കു മെന്നും ആയതിനായി ഇനി എന്തെല്ലാം കാര്യ ങ്ങളാണ് പൂർത്തീകരിക്കേണ്ടതെന്നും വിശദമാ ക്കുമോ? | (ബി) പ്രോഗ്രാം ഓഫീസർമാർക്ക് നൽകിയ നിർദ്ദേശപ്രകാരമുള്ള പ്രൊപ്പോസൽ ലഭ്യമാകുന്ന മുറക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. | |

സെക്ഷൻ ഓഫീസർ